**അറിയിപ്പ്**

മി. സ്പീക്കർ: സഭ ഇന്ന് അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2022 ജൂലൈ 8, 11 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ദിനങ്ങളിലേയ്ക്ക് ഷെഡ്യൂൾ ചെയ്യപ്പെട്ട ചോദ്യങ്ങൾ യഥാക്രമം തൊട്ടടുത്ത ദിവസങ്ങളിലേയ്ക്ക് ക്രമീകരിക്കുന്നതാണ്.

'വനമഹോത്സവം 2022'-ന്റെ സമാപന സമ്മേളനം ഇന്ന് സഭാസമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത ചടങ്ങിൽ സാമാജികർക്കായി കേരളത്തിലെ വനങ്ങളെക്കുറിച്ചും വനം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചും ഒരു ചെറുവിവരണം ഉണ്ടായിരിക്കുന്നതാണ്. വിവിധ വന്യജീവി സങ്കേതങ്ങളിലൂടെയുള്ള യാത്രകളിൽ ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. പകർത്തിയ ചിത്രങ്ങളുടെ ഫോട്ടോ പ്രദർശനവും വനംവകുപ്പിന് കീഴിലുള്ള 'വനശ്രീ'-യുടെ വിഭവങ്ങൾ പരിചയപ്പെടുത്തലും മെമ്പേഴ്സ് ലോഞ്ചിനുസമീപം ഉണ്ടായിരിക്കുന്നതായിരിക്കും. അതിനുശേഷം ഒരു അത്താഴവിരുന്നും ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗങ്ങൾ ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.